**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 297** **10-06-2024 - ൽ മറുപടിയ്ക്ക്**

**വെള്ള അരി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ദേവികുളം താലൂക്ക് സപ്ലൈ ഓഫീസിന് കീഴിൽ മൂന്നാർ തോട്ടം മേഖലയിലെ റേഷൻകടകളിൽ വെള്ള അരി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഓരോ താലൂക്കിന്റെയും ഇനം തിരിച്ചുള്ള അരിയുടെ ആവശ്യകത കണക്കാക്കി പച്ചരി/ പുഴുക്കലരി എന്നിവ ഏത് അനുപാതത്തിൽ അനുവദിക്കണമെന്ന് FCI -യെ അറിയിക്കുന്നതിന്റെ അടിസ്ഥാനത്തി ലാണ് ഓരോ മാസവും FCI – യിൽ നിന്നും അരി അനുവദിച്ച് നല്കേണ്ടത്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടു കൂടി റൈസ് ഫോർട്ടിഫിക്കേഷൻ പദ്ധതി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ നോൺ ഫോർട്ടിഫൈഡ് അരിയുടെ നീക്കിയിരിപ്പ് സ്റ്റോക്ക് വിതരണം ചെയ്ത് തീർക്കുന്നതിനാണ് FCI പ്രാധാന്യം നൽകിയത്. അതിനാൽ പല മാസങ്ങളിലും ജില്ലകളിലെ അരിയുടെ ഇനം തിരിച്ചുള്ള ആവശ്യകത കണക്കിലെടുക്കാതെ FCI – യിൽ നിന്നും അരി അനുവദിച്ചതിനാലാണ് ലഭ്യമായ അരിയുടെ അടിസ്ഥാനത്തിൽ റേഷൻ വിതരണം നടത്തേണ്ടി വന്നത്.<br><br>തോട്ടം മേഖലയിൽ ഉള്ളവർ കൂടുതലായും വെള്ള അരിയാണ് ഉപയോഗിക്കുന്നത്. ആയതിനാൽ ആദിവാസി മേഖലകളിലും പട്ടിക ജാതി/പട്ടിക വർഗ്ഗ റേഷൻ കാർഡുകാർ കൂടുതലുള്ള റേഷൻ കടകളിലും “വേരിയേഷൻ പോളിസി” സിസ്റ്റം മുഖേന ടി റേഷൻ കടയിലെ കാർഡുടമകളുടെ ആവശ്യകത പരിഗണിച്ച് ഇത്തരം റേഷൻകടകൾക്ക് മാത്രം പ്രത്യേകമായി ഇ-പോസ് മെഷീനിൽ പോളിസി സെറ്റ് ചെയ്തു നൽകുന്നുണ്ട്. |
| (ബി) | വെള്ള അരി റേഷൻകടകളിൽ ലഭിക്കാത്തതുമൂലം മാർക്കറ്റുകളിൽ നിന്നും തൊഴിലാളികൾ വെള്ള അരി വാങ്ങി ഉപയോഗിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | തോട്ടം മേഖലയിൽ റേഷൻകട വഴി വെള്ള അരി വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ വെള്ള അരി കൂടുതൽ ആവശ്യപ്പെടുന്നതിനാൽ, അത് കൂടുതൽ അനുവദിക്കുന്നതിനായി എഫ്.സി.ഐ - യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ